# First India-United Kingdom Consular Dialogue

September 22, 2021

---

## ആദ്യത്തെ ഇന്ത്യ യുണൈറ്റഡ് കിങ്ഡം കോൺസുലാർ സംഭാഷണം

സെപ്റ്റംബർ 22, 2021

1. 2021 സെപ്റ്റംബർ 22 ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തിയ ആദ്യത്തെ ഇന്ത്യ യുണൈറ്റഡ് കിങ്ഡം കോൺസുലാർ സംഭാഷണത്തിന് ഇന്ത്യ ആതിഥേയത്വം വഹിച്ചു. കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (CPV) ശ്രീ ദേവേഷ് ഉത്തം ഇന്ത്യൻ പ്രതിനിധി സംഘത്തിനും വിദേശകാര്യ, കോമൺവെൽത്ത്& ഡെവലപ്മെന്റ് ഓഫീസ് കോൺസുലാർ സർവീസസ് ഡയറക്ടർ മിസ് ജെന്നിഫർ ആൻഡേഴ്സൺ യു കെ പ്രതിനിധി സംഘത്തിനും നേതൃത്വം നൽകി.

2. ഈ ഉദ്ഘാടന കോൺസുലാർ സംഭാഷണത്തിൽ, ഇന്ത്യ-യുകെ 2030 റോഡ്മാപ്പിന്റെ ഭാഗമായി ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യക്ത്യധിഷ്ഠിതമായ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കോൺസുലർ ലഭ്യത സുഗമമാക്കുന്നതിനും വ്യവസ്ഥാപിത വിവരങ്ങളിലൂടെ കോൺസുലാർ പരാതികൾ നേരത്തേ പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ, വിസ സഹകരണം, പരസ്പര ഇരു രാജ്യങ്ങളിലേക്കുമുള്ള കുടിയേറ്റം, പരസ്പര നിയമ സഹായം എന്നിവയും ഇരുവരും ചർച്ച ചെയ്തു. പങ്കിടലും

3. 2022 -ൽ , പരസ്പരം സൗകര്യപ്രദമായ തീയതിയിൽ,ലണ്ടനിൽ വച്ച്, ഈ സംഭാഷണത്തിന്റെ അടുത്ത ഘട്ടം നടത്താൻ ഇരുപക്ഷവും സമ്മതിച്ചു.

**ന്യൂ ഡൽഹി**

**സെപ്റ്റംബർ 22, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.